**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 363** **23-08-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്ത് ലൈസൻസോടുകൂടി പ്രവർത്തിച്ചിരുന്നതോ പ്രവർത്തിച്ചുവരുന്നതോ ആയ സംരംഭങ്ങളുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധിമൂലമോ മറ്റ് ദുരന്തകാരണങ്ങളാലോ മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ അത്തരം സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (എ) | തദ്ദേശ ഭരണ സ്ഥാപന പ്രദേശത്ത് പ്രവർത്തിച്ചിരുന്നതോ പ്രവർത്തിച്ചുവരുന്നതോ ആയ സംരംഭങ്ങളുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധിമൂലമോ മറ്റ് ദുരന്തകാരണങ്ങളാലോ മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ, സംരംഭ പുനരുജ്ജീവന സമാശ്വാസ (റിവൈവൽ ഫണ്ട്) ത്തിന് ധനസഹായം നൽകുവാൻ സ.ഉ. (കൈ)നം. 115/2022/തസ്വഭവ തീയതി 28.05.2022 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിച്ചിട്ടുണ്ട്. ഉത്തരവ് മാനദണ്ഡങ്ങൾക്കനുസൃതമായി പുനരുജ്ജീവന പാക്കേജ് തയ്യാറാക്കി ബാങ്ക് വായ്പ നേടിയിട്ടുണ്ടെങ്കിൽ പത്ത് ലക്ഷം രൂപവരെയുള്ള വായ്പയ്ക്ക് മൂന്ന് വർഷത്തെ പലിശ സബ്സിഡി നൽകുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയും. പൊതുവിഭാഗത്തിൽ പെട്ടവർക്കും മുൻഗണന വിഭാഗങ്ങൾക്കും ഇപ്രകാരം വായ്പകൾക്ക് പലിശ സബ്സിഡി ലഭിക്കും. പുനരുദ്ധാരണത്തിനായുള്ള ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് എന്നിവയും തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് അഞ്ച് ലക്ഷം രൂപവരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് പത്ത് ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പതിനഞ്ച് ലക്ഷം രൂപ വരെയും ധനസഹായം നൽകാവുന്നതാണ്. പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളതോ പൂട്ടിപ്പോയതോ ആയ കുടുംബശ്രീ സംരംഭ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സിക്ക് എം.ഇ റിവൈവൽ ഫണ്ട് കുടുംബശ്രീ മുഖേന നൽകി വരുന്നുണ്ട്. മൈക്രോ എൻറർപ്രൈസ് കൺസൾട്ടന്റുമാർ മുഖേന സംരംഭങ്ങളുടെ പ്രവർത്തനം മോണിറ്റർ ചെയ്ത് സംരംഭങ്ങളെ |

| | | | |
|---|---|---|---|
| | | | പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സോഫ്റ്റ് വെയർ മുഖേന സംരംഭങ്ങളുടെ പ്രവർത്തന പുരോഗതി വിശകലനം ചെയ്യുന്നതിനും പ്രവർത്തനം നിലക്കാൻ പോകുന്ന യൂണിറ്റുകൾക്ക് തക്ക സമയത്ത് പിന്തുണാ സഹായം ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ ഈ വർഷം മുതൽ മൈക്രോ എൻറർപ്രൈസ് റിസോഴ്സ് സെൻററുകൾ ബ്ലോക്കുകളിൽ ആരംഭിക്കുന്നതിനായും ഉദ്ദേശിക്കുന്നുണ്ട്. മൈക്രോ എൻറർപ്രൈസ് റിസോഴ്സ് സെന്ററുകൾ നിലവിലുള്ള യൂണിറ്റുകളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുകയും; കൂടാതെ പൂട്ടിപ്പോകുന്നതോ പ്രവർത്തനം മന്ദീഭവിക്കുന്നതോ ആയ യൂണിറ്റുകൾക്ക് ആവശ്യമായ രീതിയിലുള്ള പിന്തുണയും പരിശീലനവും വിപണന സഹായവും നൽകുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ